THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2008 Certified Company under Government of Kerala)
Registered Office: KOTTAYAM-686 004
CIN:U01119KL1962SGC001997
☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com

നം.SAL/F-400/ 1376 27/06/2025

## കശുവണ്ടി വിൽപ്പന-ഇ-ടെൻഡർ-കം-ഇ-ഓക്ഷൻ/സീൽഡ് ടെൻഡർ

പ്ലാന്റേഷൻ കോർപ്പറേഷൻ വക ചീമേനി എസ്റ്റേറ്റിൽ നിന്നും സംഭരിച്ച ഉദ്ദേശം **2.363 മെ. ടൺ** കശുവണ്ടി (അളവിൽ ഏറ്റക്കുറച്ചിൽ വരാവുന്നതാണ്) വിൽപ്പന നടത്തുന്നതിലേക്കായി താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മത്സരാധിഷ്ഠിത ഇ-ദർഘാസുകൾ കേരള സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in മുഖേനയും നേരിട്ട് മുദ്രവെച്ച ദർഘാസുകൾ മുഖേനയും നടത്തുന്നു. **ചീമേനി എസ്റ്റേറ്റിലെ നാട്ടകാണി ഡിവിഷനിൽ സൂക്ഷിച്ചിട്ടുള്ളതായ കശുവണ്ടി (1725 Kg) പൂർണമായും ഓർഗാനിക് സർട്ടിഫൈഡ് തോട്ടത്തിൽ നിന്നും ശേഖരിച്ചിട്ടുള്ളതാകുന്നു.** ഇ-ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ടെൻഡർ നിബന്ധനകളോട് അനുബന്ധിച്ചിരിക്കുന്ന അനുബന്ധം 1 ലെ നിർദ്ദേശങ്ങളും മുദ്രവെച്ച ദർഘാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അനുബന്ധം 2 ലെ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്. ചുവടെ കൊടുത്തിരിക്കുന്ന പൊതുവായ നിബന്ധനകൾ അനുബന്ധം 1 നും അനുബന്ധം 2 നും ബാധകമായിരിക്കുന്നതാണ്. രണ്ട് രീതിയിലും ടെൻഡറിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്. അപ്രകാരം രണ്ട് രീതിയിലും നടത്തുന്ന ടെൻഡറിൽ കശുവണ്ടിക്ക് കിലോഗ്രാമിന് വാഗ്ദാനം ചെയ്യുന്ന ഏറ്റവും ഉയർന്ന വില ആയിരിക്കും അംഗീകാരത്തിനായി പരിഗണിക്കുക. എസ്റ്റേറ്റിന്റെ പേര്, അവിടെ സൂക്ഷിച്ചിരിക്കുന്ന കശുവണ്ടിയുടെ തൂക്കം എന്നിവയുടെ വിവരങ്ങൾ അനുബന്ധം 3 ൽ നൽകിയിരിക്കുന്നു.

### പൊതുവായ നിബന്ധനകൾ

1 മുദ്രവെച്ച ദർഘാസ് / ഇ- ദർഘാസ് എന്നിവയിൽ നിന്നും ലഭിക്കുന്ന ഏറ്റവും കൂടിയ തുക രേഖപ്പെടുത്തിയ ദർഘാസ് / ഇ- ദർഘാസ് മാത്രമെ അംഗീകാരത്തിനായി പരിഗണിക്കുകയുള്ളൂ. ടെൻഡർറിൽ പങ്കെടുക്കുന്നവർ മേൽപ്പറഞ്ഞ എസ്റ്റേററുകളിൽ നിന്നും സംഭരിച്ചിട്ടുള്ളതും നിലവിൽ കാസറഗോഡ് എസ്റ്റേറ്റിൽ സൂക്ഷിച്ചിട്ടുള്ളതായ കശുവണ്ടി നേരിൽ കണ്ട് ഗുണനിലവാരം ബോധ്യപ്പെട്ടിരിക്കേണ്ടതുമാണ്.പിന്നീട് ഗുണനിലവാരം സംബന്ധമായ പരാതികൾ പരിഗണിക്കുന്നതല്ല.

2. സംഭരിച്ച കശുവണ്ടി തരംതിരിച്ചു വില്പനക്ക് അനുവദിക്കുന്നതല്ല.

3 മുദ്രവെച്ച ദർഘാസ് / ഇ- ദർഘാസിൽ ഏറ്റവും കൂടുതൽ തുക വാഗ്ദാനം നൽകുന്നയാൾ മൊത്തം തുകയുടെ മൂന്നിലൊന്നോ, 3 ലക്ഷം രൂപയോ, ഏതാണോ കുറവ്, മുദ്രവെച്ച ദർഘാസ് / ഇ-ദർഘാസ് കഴിഞ്ഞ് തൊട്ടടുത്ത ബാങ്ക് പ്രവർത്തി ദിവസം രാവിലെ പതിനൊന്നുമണിക്കു മുൻപായി കാസറഗോഡ് എസ്റ്റേറ്റ് ഓഫീസ് അക്കൗണ്ടിൽ അടക്കേണ്ടതാണ്. **[Kasaragod Estate - State Bank of India, Civil Station, Kasaragod: A/c. No.34927300715 IFSC Code: SBIN0010116**

4 മുദ്രവെച്ച ദർഘാസ് / ഇ- ദർഘാസ് ഉറപ്പിച്ചു കഴിഞ്ഞാൽ ആയതു രേഖാമൂലം ടെണ്ടറുകാരനെ അറിയിക്കുന്നതും അറിയിപ്പ് തീയതി മുതൽ 5 ദിവസത്തിനുള്ളിൽ ബാക്കി തുക ബാധകമായ നികുതികൾ ചേർത്ത് എസ്റ്റേറ്റ് ഓഫീസ് അക്കൗണ്ടിൽ അടച്ച് 24 മണിക്കൂറുകൾക്കകം കശുവണ്ടി എസ്റ്റേറ്റിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

5. ടെൻഡർ ഉറപ്പിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭിക്കുന്നയാൾ 200/–രൂപ മുദ്രപത്രത്തിൽ ഇതിലേക്കായി ഒരു കരാർ കോർപ്പറേഷനിൽ വെയ്ക്കേണ്ടതും മൊത്തം തുകയുടെ 5% വരുന്ന തുക സെക്യൂരിറ്റി ഡിപ്പോസിറ്റായി കെട്ടിവയ്ക്കേണ്ടതുമാണ്. ആയതിനു ശേഷമേ കശുവണ്ടി കൊണ്ടുപോകുന്നതിന് അനുവദിക്കുകയുള്ളൂ.

6. കരാറുകാരൻ സ്വന്തം ചിലവിൽ കശുവണ്ടി പായ്ക്ക്ചെയ്യുന്നതിനും, ലോഡ്ചെയ്യുന്നതിനും, ട്രാൻസ്പോർട്ട്ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിലേക്കായി കാലിചാക്കുകൾ കരാറുകാരൻ സ്വന്തം ചെലവിൽ കൊണ്ടുവരേണ്ടതാണ്.

7 കശുവണ്ടിയുടെ തൂക്കം രേഖപ്പെടുത്തിയിട്ടുള്ളത് ഏകദേശമായതിനാൽ സംഭരിച്ച് വെച്ചിട്ടുള്ള കശുവണ്ടി കരാറുകാരൻ നേരിട്ടോ / അധികാരപ്പെടുത്തിയ ആളോ സ്ഥലത്ത് ഹാജരായി തൂക്കം എടുത്ത് ബോദ്ധ്യപ്പെട്ട് കരാറുകാരൻ കൊണ്ടു പോകേണ്ടതാണ്.

8 കശുവണ്ടി തൂക്കമെടുക്കുന്നത് എസ്റ്റേറ്റ്മാനേജരുടെ സാന്നിദ്ധ്യത്തിലോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിലോ ആയിരിക്കേണ്ടതും ആയതു അളവു-തൂക്ക ഡിപ്പാർട്ട്മെന്റ് സർട്ടിഫൈ ചെയ്തിട്ടുള്ള പ്ലാറ്റ്ഫോം ബാലൻസിൽ ആയിരിക്കുന്നതുമാണ്. പ്ലാന്റേഷൻ കോർപ്പറേഷന്റെ മുതിർന്ന ഉദ്യോഗസ്ഥർക്ക് ഏതുസമയവും തൂക്കം പരിശോധിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

9 എസ്റ്റേറ്റിൽ നിന്നും ഡെലിവറി എടുക്കുന്ന കശുവണ്ടിയുടെ മുഴുവൻ തുകയും ബാധകമായ നികുതികളും അടച്ച് രസീത് വാങ്ങിയതിനു ശേഷമെ കശുവണ്ടി നീക്കം ചെയ്യാൻ പാടുള്ളു.

10. എന്നാൽ, സംഭരിച്ചു വെച്ചിരിക്കുന്ന കശുവണ്ടിയിൽനിന്നും കോർപറേഷന് ആവശ്യമായ കശുവണ്ടി എടുത്തതിനുശേഷം മാത്രം വില്പന നടത്തുന്നതിന് കോർപറേഷന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

11. മുഴുവൻ വിലയും അടച്ചു 24 മണിക്കൂറുകൾക്കകം തന്നെ കശുവണ്ടി നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം കശുവണ്ടി സൂക്ഷിച്ചു വയ്ക്കുന്നതിന് കോർപ്പറേഷന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

12 കശുവണ്ടി നീക്കം ചെയ്യുന്നതിനുള്ള പെർമിറ്റോ, ലൈസൻസോ ആവശ്യമെങ്കിൽ ആയത് കരാറുകാരൻ സ്വന്തം ചെലവിൽ എടുക്കേണ്ടതാണ്.

13 ഗവൺമെന്റ് പ്രഖ്യാപിക്കുന്നതായ കുത്തക സംഭരണം മുതലായ ബാധകമാകാവുന്ന എല്ലാ വില്പ്പനനിയമങ്ങളും ഈ വില്പനക്കും ബാധകമായിരിക്കുന്നതുമാണ്.

14 മുദ്രവെച്ച ദർഘാസ്/ ഇ- ദർഘാസ് സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനും, മുദ്രവെച്ച ദർഘാസ്/ ഇ- ദർഘാസ് നടപടിക്രമങ്ങൾക്കിടയിൽ യാതൊരു കാരണവും കാണിക്കാതെ എപ്പോൾ വേണമെങ്കിലും ടി മുദ്രവെച്ച ദർഘാസ് / ഇ- ദർഘാസ് മാറ്റിവക്കുന്നതിനും, മുദ്രവെച്ച ദർഘാസ്/ ഇ- ദർഘാസ് റദ്ദു ചെയ്യുന്നതിനുമുള്ള പൂർണ്ണ അധികാരം പ്ലാന്റേഷൻ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ നിഷിപ്തമായിരിക്കുന്നതാണ്. ഇതുസംബന്ധമായി മാനേജിംഗ് യറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതും അതിനെ ചോദ്യംചെയ്യാൻ പാടില്ലാത്തതുമാണ്.

15 മുദ്രവെച്ച ദർഘാസ്/ ഇ-ദർഘാസ് കണ്ടീഷനിലെ വ്യവസ്ഥകളിലോ ടെണ്ടർ നടത്തുന്നത് സംബന്ധിച്ചോ എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടായാൽ ടി വിഷയത്തിൽ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതും അതിനെ ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

16 ഇ-ടെണ്ടർ വ്യവസ്ഥകൾ പാലിക്കാതിരിക്കുകയോ മുദ്രവെച്ച ദർഘാസ്/ ഇ-ദർഘാസ് സ്ഥിരീകരണ ഉത്തരവ് കൈപ്പറ്റി നിശ്ചിത സമയ പരിധിക്കുള്ളിൽ മുഴുവൻ തുകയും അടച്ച് കശുവണ്ടി നീക്കം ചെയ്യുന്നതിൽ വീഴ്ച്ച വരുത്തുകയോ ചെയ്താൽ കോർപ്പറേഷനിൽ അടച്ചിരിക്കുന്ന ഇ.എം.ഡി. മുതലായ തുകകൾ കണ്ടുകെട്ടുന്നതും മുദ്രവെച്ച ദർഘാസ്/ ഇ- ദർഘാസ് അസ്ഥിരപ്പെടുത്തുന്നതും പ്രസ്തുത സ്ഥാപനത്തിന്റെ/വ്യക്തിയുടെ നഷ്ടോത്തരവാദിത്വത്തിൽ മുദ്രവെച്ച പുനർ ദർഘാസ് / ഇ-ദർഘാസ് നടത്തുന്നതുമായിരിക്കും. മുദ്രവെച്ച ദർഘാസ്/ ഇ-ദർഘാസ് വഴി ടി കശുവണ്ടി വിൽക്കുമ്പോൾ കോർപ്പറേഷന് ഉണ്ടാകാവുന്ന നഷ്ടത്തിനും, സകലവിധ ചെലവുകൾക്കും അദ്യ ടെണ്ടറുകാരൻ ഉത്തരവാദിയായിരിക്കുന്നതും ടി തുക ടിയാനിൽ നിന്നും ഈടാക്കി എടുക്കുന്നതിന് കോർപറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്.

17 കോർപ്പറേഷനിൽ കരാറുകാരൻ അടച്ചിട്ടുള്ള നിരതദ്രവ്യവും സെക്യൂരിറ്റി ഡെപ്പോസിറ്റും കശുവണ്ടി മുഴുവൻ നീക്കം ചെയ്ത് കരാറുകാരൻ എസ്റ്റേറ്റ് മാനേജറിൽ നിന്നും ബാധ്യത രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കി 2 ആഴ്ചക്കകം പലിശരഹിതമായി തിരികെ നൽകുന്നതായിരിക്കും. 8. ഈ വില്പനയെ സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങളോ/വ്യവഹാരങ്ങളോ ഉൽഭവിക്കുകയാണെങ്കിൽ ആയത് കോട്ടയം അധികാരാതിർത്തിയായ കോടതികളിൽ മാത്രം ആയിരിക്കുന്നതുമാണ്.

19 കരാറുകാരനിൽ നിന്നോ ടിയാന്റെ ഏജന്റ്, തൊഴിലാളികൾ മുതലായവരിൽ നിന്നോ കോർപ്പറേഷന് എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിക്കുകയാണെങ്കിൽ ആയതിന്റെ

നഷ്ടപരിഹാരം കോർപ്പറേഷൻ നിശ്ചയിക്കുന്നതും ആയത് ഉടനെ തന്നെ കരാറുകാരൻ അടക്കേണ്ടതുമാണ്.

20 മാനേജരുടെയോ, ഉത്തരവാദിത്ത്വപ്പെട്ട മറ്റ് ഉദ്യോഗസ്ഥൻമാരുടെയോ അനുവാദമില്ലാതെ കോർപ്പറേഷന്റെ വസ്തു വകകളിൽ കരാറുകാരനോ അദ്ദേഹത്തിന്റെ ആൾക്കാരോ പ്രവേശിക്കാൻ പാടില്ലാത്തതാകുന്നു. കരാർ പ്രകാരമുള്ള കശുവണ്ടി കൊണ്ടുപോകുന്നതിനു മാത്രമേ അനുവാദമുണ്ടായിരിക്കുകയുള്ളൂ. മറ്റെന്തെങ്കിലും സാധനങ്ങൾ കൊണ്ടുപോയാൽ അനധികൃത കൈവശമെന്ന് കണക്കാക്കി നിയമനടപടികൾ സ്വീകരിക്കുകയും കരാർ ഉടമ്പടി റദ്ദു ചെയ്യുന്നതുമായിരിക്കും.

21. ഇ-ടെണ്ടറും സീൽഡ് ടെണ്ടറും 15/07/2025, 2.00 PM വരെ സമർപ്പിക്കാവുന്നതാണ്. മുദ്ര വെച്ച ദർഘാസുകൾ കാസറഗോഡ് എസ്റ്റേറ്റിൽ 15/07/2025, 2.00 PM വരെ സ്വീകരിക്കുന്നതും 16/07/2025, 11.00 AM ന് PCK ഹെഡ് ഓഫീസിൽ വച്ച് ആ സമയത്ത് ഹാജരായിട്ടുള്ള കരാറുകാരുടെയോ അവരുടെയോ പ്രതിനിധികളുടെയോ സാന്നിത്യത്തിൽ തുറക്കുന്നതുമാണ്. ഇ-ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് 16/07/2025, 4.00 PM മുതൽ 4.45 PM വരെ ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് അവസരമുണ്ടാകുന്നതാണ്. ഇ-ദർഘാസ് / മുദ്രവച്ച ദർഘാസ് എന്നിവയിൽ നിന്നും ഏറ്റവും കൂടിയ തുകയാണ് ഇ-ഓക്ഷൻ തുടങ്ങുന്നതിനുള്ള അടിസ്ഥാന വിലയായി നൽകുന്നതും ആയതിൽ നിന്നും ഓക്ഷൻ ആരംഭിക്കുന്നതുമാകുന്നു ശേഷം ഇ-ടെൻഡർ-കം-ഓക്ഷൻ /സീൽഡ് ടെൻഡർ എന്നിവയിൽ ലഭിക്കുന്നതായ തുകകളിൽ ഏതാണോ കൂടുതൽ അതായിരിക്കും ടെൻഡർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുക. ഏതെങ്കിലും കാരണവശാൽ ഇ-ഓക്ഷൻ ഓഫീസ് പ്രവൃത്തിസമയത്തിനു ശേഷം തുടരുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 10.30 ന് ഇ-ഓക്ഷൻ കഴിഞ്ഞുള്ള ഇ-ദർഘാസ് തുറക്കുന്നതായിരിക്കും.

21 മുദ്രവെച്ച ദർഘാസ് / ഇ-ദർഘാസ് സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വിൽപന വില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലായെന്ന് കാണുന്ന പക്ഷം, ടെൻഡർ തീയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ തുറക്കുന്നതല്ലാത്തതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പുതുക്കിയ വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

22 മുദ്രവെച്ച ദർഘാസ്/ ഇ- ദർഘാസുകൾ നടത്തപ്പെടുന്ന സ്ഥലം, തീയതി, സമയം എന്നിവ ചുവടെ ചേർക്കുന്നു

| മുദ്രവെച്ച ദർഘാസ് സമർപ്പിക്കുവാനുള്ള സ്ഥലവും സമയവും | ഇ -ടെൻഡർ സമർപ്പിക്കുവാനുള്ള അവസാന സമയം | മുദ്രവെച്ച ദർഘാസ് തുറക്കുന്ന സ്ഥലവും സമയവും | ഇ -ടെൻഡർ ഒറിജിനൽ രേഖകൾ ലഭിക്കേണ്ട അവസാന സമയവും സ്ഥലവും | ഇ-ഓക്ഷൻ തുടങ്ങുന്ന സമയം |
|---|---|---|---|---|
| കാസറഗോഡ് എസ്റ്റേറ്റ് ഓഫീസ്, മുളിയാർ പി ഒ , കാസറഗോഡ് -670 542 Ph: 9447204200/ 9496076070 15-07-2025, 2.00 P M | 15-07-2025, 2.00 PM | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 16-07-2025, 11.00 A M | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 16-07-2025 10.00 AM | 16-07-2025 4.00 PM To 4.45 PM |

s/d

ജനറൽ മാനേജർ (സി )

**അനുബന്ധം –1**

**ഇ–ടെൻഡർ സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ**

1. കേരളാ സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in എന്ന ഇ പോർട്ടൽ സൈറ്റിലൂടെ സമർപ്പിക്കാവുന്നതാണ്.
2. ഇ-ദർഘാസ്-കം-ഇ-ഓക്ഷനിൽ പങ്കെടുക്കുവാൻ നിരത ദ്രവ്യമായി Rs.10,000(പതിനായിരം രൂപ മാത്രം) ഡിമാൻഡ് ഡ്രാഫ്റ്റ് ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്.
3. ഇ-ദർഘാസ്-കം-ഇ-ഓക്ഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ--ടെൻഡർ വ്യവസ്ഥകൾ ടി ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, ഒപ്പിട്ട ടെൻഡർ കണ്ടിഷനും, ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയും, കരാറുകാരന്റെ ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെൻഡർ ഫോം വില (Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ്ലോഡ് ചെയ്യേണ്ടതാണ്.
4. ഡിമാൻഡ് ഡ്രാഫ്റ്റിന്റെയും ഒപ്പിട്ട ടെൻഡർ കണ്ടിഷൻറെയും ഒറിജിനലും പാൻ കാർഡ് , ആധാർകാർഡ് എന്നിവയുടെ കോപ്പികളും ടെൻഡർ തുറക്കുന്ന ദിവസം (തീയതി 16-07-2025ന്) 10.00 P.M മണിക്ക് മുൻപായി പി സി കെ ഹെഡ് ഓഫീസ് കോട്ടയത്ത് മുദ്രവെച്ച കവറിൽ "കശുവണ്ടി വിൽപ്പന ഇ-ടെൻഡർ രേഖകൾ" എന്ന ശീർഷകത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.
5. ഇ–ടെൻഡർ മുഖേന വാഗ്ദാനം സമർപ്പിക്കുന്നവർ ഒരു കിലോഗ്രാം കശുവണ്ടിക്ക് നൽകാവുന്ന (കശുവണ്ടിക്ക് ബാധകമായ നികുതി ഒഴികെയുള്ള) ഏറ്റവും കൂടിയ തുകയാണ് കാണിച്ചിരിക്കേണ്ടത്.

ഇതു സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം താഴെപ്പറയുന്ന നമ്പരുകളിലേക്ക് വിളിക്കാവുന്നതാണ്. Ph.0481-2578301/9496076003

E-Procurement support desk of Kerala State IT Mission over telephone at 0471-2577088/188/388 or 0484-2336006, 2332262 or 0497-2764788, 2764188 or 0483-273294 or through email: etendershelp@kerala.gov.in or helpetender@gmail.comfor assistance in this regard.

**<u>അനുബന്ധം -2</u>**

<u>മുദ്രവെച്ച ദർഘാസ് **സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ**</u>

1. മുദ്രവെച്ച ദർഘാസ് സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ടി വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, ടെൻഡർ ഫോറത്തിനൊപ്പം (ടെൻഡർ ഫോം വില Rs.118/-) ടെൻഡർ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് അവ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, ടെൻഡർ വ്യവസ്ഥ കളുടെ എല്ലാ പേജുകളിലും ഒപ്പിട്ട ദർഘാസിനൊപ്പം ആധാർ കാർഡ് , പാൻ കാർഡ് എന്നിവയുടെ കോപ്പികൾ സമർപ്പിക്കേണ്ടതാണ് കവറിന് പുറത്ത് ഇടതുവശത്ത് മുകളിൽ "കശുവണ്ടി വിൽപ്പന - ദർഘാസ് രേഖകൾ" എന്ന ശീർഷകം വെക്കേണ്ടതും ർഘാസുകൾ കാസറഗോഡ് എസ്റ്റേറ്റ് ഓഫീസിൽ സമയത്തിന് മുൻപുതന്നെ നല്കിയിരിക്കേണ്ടതാണ്. മുദ്ര വെച്ച ദർഘാസുകൾ ഹെഡ് ഓഫീസിൽ വച്ച് 16-07-2025, 11.00 AM ന് തുറക്കുന്നതായിരിക്കും
2. ദർഘാസിൽ പങ്കെടുക്കുന്നവർ നിരത ദ്രവ്യമായി 10,000/- രൂപ (പതിനായിരം രൂപ മാത്രം) അടച്ച റെസീപ്റ്റ് / DD മുദ്രവെച്ച ദർഘാസിനോടൊപ്പം നൽകേണ്ടതാണ്.
3. ഒരു കിലോഗ്രാം കശുവണ്ടിക്ക് നൽകാവുന്ന (കശുവണ്ടിക്ക് ബാധകമായ നികുതി ഒഴി കെയുള്ള) ഏറ്റവും കൂടിയ തുകയാണ് നിശ്ചിത ഫോറത്തിൽ നൽകേണ്ടതാണ്. ഈ ഫോറം ബന്ധപ്പെട്ട എസ്റ്റേറ്റ് ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്.
4. ദർഘാസുകൾ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് കശുവണ്ടി വാങ്ങുന്നതിനുള്ള ടെൻഡർ, പേര് വിവരങ്ങൾ, ടെൻഡർ സമര്പ്പിക്കുന്ന ആളിന്റെ വിലാസം ഫോൺ നമ്പർ എന്നിവ കാണിച്ചിരിക്കണം.

കൂടുതൽ വിവരങ്ങൾക്ക്

1) ജനറൽ മാനേജർ(സി)
Ph:9496076003

2) മാനേജർ കാസറഗോഡ് എസ്റ്റേറ്റ്
Ph: 9496076070

**അനുബന്ധം –3**

# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ്കേരളലിമിറ്റഡ്

രജിഓഫീസ് – കോട്ടയം – 686 004

## കശുവണ്ടി വിൽപ്പന

## മുദ്രവെച്ച ദർഘാസ് / ഇ–ദർഘാസ് ഫോറം

**മുദ്രവെച്ച ദർഘാസ് / ഇ ദർഘാസ്**

| ക്രമ നമ്പർ | **എസ്റ്റേറ്റ്** | **തൂക്കം (ഏകദേശം) Kg** | **നിരക്ക് (കിലോഗ്രാമിന് നികുതി ഒഴികെ)** |
|---|---|---|---|
| 1 | ചീമേനി ഡിവിഷൻ | 638.000 | |
| 2 | ചീമേനി - **നാട്ടുകാണി ഡിവിഷൻ (ഓർഗാനിക് സർട്ടിഫൈഡ്)** | 1725.000 | |

**പേര്**

**ഒപ്പ്**

# <u>സമ്മതപത്രം</u>

**പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**
**CIN No: UO1119KL1962SGC001997**
**കോട്ടയം - 686004**

സ്ഥലം:
തീയതി :

**<u>സമ്മതപത്രം</u>**

പ്ലാന്റേഷൻ കോർപ്പറേഷന്റെ **ചീമേനി എസ്റ്റേറ്റിൽ സൂക്ഷിച്ചിരിക്കുന്ന** 2025 സീസണിലെ ഉദ്ദേശം 2.**363 മെ.ടൺ** കശുവണ്ടി വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട ദർഘാസ് / ഇ-ദർഘാസ് വ്യവസ്ഥകൾ ഇന്നേദിവസം കൈപ്പറ്റിയിരിക്കുന്നു. ടി വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയത് ഞാൻ അനുസരിക്കുന്നതുമായിരിക്കുമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

**പേര്**

**തപാൽ മേൽവിലാസം**

**കര**

**വില്ലേജ്**

**താലൂക്ക്**

**ജില്ല**

**പിൻകോഡ്**

**ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ)**
**ലാന്റ് നമ്പർ :**
**മൊബൈൽ നമ്പർ :**

ഒപ്പ്